കേരള സർക്കാർ

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്
2018-19
ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം.(പി5)1178/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാക്കനാട്, എറണാകുളം
ഫോൺ – 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in
തീയതി :16.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം.(പി5)1178/2019. തീയതി.16.09.2019

<u>എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ</u>
<u>2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്
നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ	ശ്രീമതി. ജയ സി.ആർ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	17.06.2019 മുതൽ 27.06.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	പേര്	തസ്തിക
	ഡി. ജിനിൽ റോയ്	ഓഡിറ്റ് ഓഫീസർ
	പ്രസാദ് പി.ജി	സീനിയർ ഗ്രേഡ് ഓഡിറ്റർ
	സന്തോഷ് കുമാർ എം.	ഓഡിറ്റർ (ഹ.ഗ്രേ.)
	ബെറ്റ്സി. സി.എക്സ്	ഓഡിറ്റർ

<u>(ബി)നിർവ്വഹണാധികാരികൾ</u>

	പേര്	മുതൽ	വരെ
പ്രസിഡന്റ്	എ.പി. ഉദയകുമാർ	01.04.2018	22.02.2019
	ബീന അലി	22.02.2019	26.03.2019
	ബാബു പുത്തനങ്ങാടി	27.03.2019	31.03.2019
സെക്രട്ടറി	ഡെന്നീസ് കൊറയ	01.04.2018	03.06.2018
	[illegible]	[illegible]	[illegible]

	നിസ്സാമോൾ എംപി (ഇൻ ചാർജ്ജ്)	04.06.2018	27.06.2018
	എ.വി. ഷാജി	28.06.2018	27.03.2019
	നിസ്സാമോൾ എം പി (ഇൻ ചാർജ്ജ്)	28.03.2019	31.03.2019

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	മുതൽ	വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	സിജി മത്തായി	01.04.2018	31.03.2019
അസിസ്റ്റന്റ് സെക്രട്ടറി	നിസ്സാമോൾ എം.പി	01.04.2018	31.03.2019
കൃഷി ഓഫീസർ	ജോൺ ഷെറി	01.04.2018	31.03.2019
വെറ്ററിനറി സർജൻ	ഡോ.ലിബി ആന്റണി	01.04.2018	31.03.2019
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	ഡോ. ജാസ്മി മുഹമ്മദ്	01.04.2018	31.03.2019
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	ഡോ. ഷേർളി ജോർജ്ജ്.പി	01.04.2018	31.03.2019
മെഡിക്കൽ ഓഫീസർ ഹോമിയോ	ഡോ. മിനിമോൾ വർക്കി	01.04.2018	31.03.2019
വി.ഇ.ഒ ചൂർണ്ണിക്കര	സൂരജ് കെ.എസ്	01.04.2018	31.03.2019
എൽ.വി.ഇ.ഒ ചൂർണ്ണിക്കര	സന്ധ്യ സി.ബി	01.04.2018	31.03.2019
ഡയറി ഫാം ഇൻസ്ട്രക്ടർ	ഉമ്മു ഹബീബ	01.04.2018	31.03.2019
ഐ.സി.ഡി.എസ് സൂപ്പർവൈസർ	നദീറ എച്ച്	01.04.2018	27.07.2018
	വിനില	28.07.2018	31.03.2019
ഹെഡ് മാസ്റ്റർ	ജോണി.കെ. കുര്യാക്കോസ്	01.04.2018	31.03.2019

ഉള്ളടക്കം

ക്രമ നം	ഭാഗം-1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-5
6	പദ്ധതി അവലോകനം	1-6
7	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷികക്കണക്കിലെ അപാകതകൾ	1-12
13	പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് – അപാകതകൾ	1-13
14	ഓഡിറ്റ് ഇംപാക്ട്	1-14
	ഭാഗം-2	
15	രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	2-1
16	തൊഴിൽ നികുതി വരവിനത്തിലെ അപാകത	2-2
17	റോഡ് റസ്റ്റോറേഷൻ ചാർജ്ജ് – ഫീസിനത്തിൻ 5,26,585/- രൂപയുടെ വരുമാന നഷ്ടം	2-3
18	ഡി &ഒ ലൈസൻസ് രജിസ്റ്റർ അപാകതകൾ	2-4
19	ദുരിതാശ്വാസ നിധി -കാര്യക്ഷമമാക്കണം	2-5
	ഭാഗം-3	

20	പഞ്ചായത്തിന് വാഹനം വാങ്ങൽ – പദ്ധതി അപാകതകൾ	3-1
21	മഴക്കാല പൂർവ്വ ശുചീകരണം – ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.	3-2
22	പത്രപരസ്യം ബില്ലിൽ 15% ഡിസ്കൗണ്ട് ലഭ്യമായില്ല.	3-3
23	ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം – ഫുഡ് ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.	3-4
24	മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.	3-5
25	സംയുക്ത പ്രൊജക്ടുകളുടെ ഫണ്ട് വിനിയോഗം കൃത്യമായ കണക്കില്ല	3-6
26	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	3-7
27	പദ്ധതി മോണിട്ടറിങ്ങ് സമിതികൾ കൂടുതൽ കാര്യക്ഷമമാക്കണം	3-8
28	മരാമത്ത് പ്രോജക്ടുകൾ – അപാകതകൾ	3-9
	ഭാഗം-4	
30	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
31	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
32	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
33	വായ്പ/വായ്പ തിരിച്ചടവ്	4-4
34	സ്ഥിരനിക്ഷേപങ്ങൾ	4-5
35	ഓഡിറ്റ് റിക്കവറി	4-6
36	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
37	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
38	ഓഡിറ്റ് പ്രത്യവലോകനം	4-9
39	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-10
40	അനുബന്ധം 1- ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം-1
41	അനുബന്ധം 2- റസിപ്റ്റ് &പെയ്മെന്റ് ഇൻകം & എക്സ്പെൻഡീച്ചർ ബാലൻസ് ഷീറ്റ്	അനുബന്ധം-2

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 27.3.2018 തിയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.2.2019 തിയതിയിലെ I(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക.

വർഷം	ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
2018-19	31.07.2019	15.05.2019

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച്

സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2018-19	18.06.19-19.06.19	കെ.എസ്.എ-ഇ.കെ.എം (പി5) 1178/19, 16.09.19

ഓഡിറ്റിനോടൊപ്പമാണ് വാർഷിക ധനകാര്യപത്രിക പരിശോധന നടത്തിയത്.

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	3,72,77,626
വരവ്	9,48,82,588
ആകെ	13,21,60,214
ചെലവ്	11,54,26,351
നീക്കിയിരിപ്പ്	1,67,33,863

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് - ജനറൽ		0	1,48,28,748	1,48,28,748	1,40,48,839	7,79,909	0
വികസനഫണ്ട്-എസ്.സി.പി.		0	56,63,000	56,63,000	4998079	6,64,921	0
വികസനഫണ്ട് – ടി.എസ്.പി.		0	2,20,666	2,20,666	2,00,000	20,666	0
സംരക്ഷണഗ്രാന്റ്-റോഡ്		0	89,81,000	89,81,000	81,29,385	8,51,615	0
സംരക്ഷണഗ്രാന്റ്-നോൺറോഡ്		0	31,32000	31,32,000	31,04,909	27,091	0
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്		0	87,59,093	87,59,093	68,83,000	18,76,093	0
സാക്ഷരത		29429	801	30230	0	0	30,230
ദുരിദാശ്വാസനിധി		14,026	382	14,408	0	0,	14,408
എം.ജി.എൻ. ആർ.ഇ.ജി.എസ്	അഡ്മിനിസ്ട്രേഷൻ ചെലവ്	1,597	2,74,131	2,75,728	2,75,420,	0	308
	തൊഴിൽകൂലി	0	62,85,742	62,85,742	62,85,742	0	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം		6,17,283	4,74,100	10,91,383	4,27,575	0	6,63,808
ജോയിന്റ് വെഞ്ചർ	ബ്ലോക്ക് പഞ്ചായത്ത്	717277	28,65,300	35,82,577	23,05,300	0	12,77,277
	ജില്ലാ പഞ്ചായത്ത്	0	27,30,870	27,30,870	13,90,870	0	13,40,000
ബി ഫണ്ട്		0	4,51,19,940	4,51,19,940	4,51,19,940	0	0
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	2,96,34,902	4,30,45,753	7,26,80,655	6,03,76,771	0	1,23,03,884
	ട്രഷറി അക്കൗണ്ട്	60,54,234	1,89,19,076	2,49,73,310	2,44,14,406	0	5,58,904
മറ്റിനം-		1,53,421	5439	1,58,860	0	0	1,58,860

സാനിറ്റേഷൻ						

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
182	16,35,43,572	132	6,20,80,112	34	16	72%

സുലേഖയിലെ ചെലവു പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. തനതു ഫണ്ട് വകയിരുത്തിയ ചില പദ്ധതികളുടെ ചെലവ് വിവരങ്ങൾ സുലേഖയിൽ ചേർത്തിട്ടില്ല. അതുകൂടി പരിഗണിച്ചാൽ ആകെ പദ്ധതി ചെലവിൽ വർദ്ധനയുണ്ടാകും. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	പദ്ധതി നം, പേര്	തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുക
1	68/18 -മാരിയിൽ ബൈലൈൻ കട്ട വിരിക്കൽ	461375
2	138/18- പള്ളിത്താഴം മാരി റോഡ് കട്ട വിരിക്കൽ	373919
3	2/18 – വിവിധ റോഡുകൾ കട്ട വിരിക്കൽ	362714

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

1-7 തൊഴിലുറപ്പു പദ്ധതി

ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	1597	2,74,131	2,75,728	2,75,420	308
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	62,85,742	62,85,742	62,85,742	0
ആകെ	1597	6559873	65,61,470	65,61,162	308

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	32,640	34
[illegible]	[illegible]	[illegible]

കർഷകതൊഴിലാളി പെൻഷൻ	40,41,800	954
വിധവാപെൻഷൻ	1,55,72,200	3662
വാർദ്ധക്യകാലപെൻഷൻ	2,11,43,800	4875
വികലാംഗപെൻഷൻ	38,71,900	908
50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം	4,57,600	108

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/06/2019 3.15 പി.എം.ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 17,119/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ പ്രോജക്ട് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും പദ്ധതി പൂർത്തീകരിച്ച് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. (സർട്ടിഫിക്കറ്റ് നം TQS/ Q-476 dated 16.03.2019). രേഖകളും, രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടുണ്ട്.

<u>അക്കൗണ്ടിംഗ് സംവിധാനം</u>: സാംഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവിൽ തൃപ്തികരമാണ്. തനതു ഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവ് സുലേഖ സോഫ്റ്റ് വെയറിൽ യഥാസമയം രേഖപ്പെടുത്തുന്നില്ല. ഇക്കാരണത്താൽ ആകെ പദ്ധതി ച്ചെലവിന്റെ കൃത്യമായ കണക്ക് ചെലവു റിപ്പോർട്ടിൽ നിന്നും ലഭിക്കുന്നില്ല.

<u>ചെലവുകൾ – ബജറ്റ് നിയന്ത്രണം</u>

വിവധ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുമ്പോൾ ഫയലിലോ വൗച്ചറുകളിലോ, ബജറ്റ് നിയന്ത്രണത്തിനായി Appropriation Control രേഖപ്പെടുത്തുന്നില്ല. അതിനാൽ ചെലവ് തുകകൾ അതാത് ശീർഷകങ്ങളിലെ ബജറ്റ് അലോക്കേഷനിലും കൂടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എങ്കിലും ചെലവിന് ആധാരമായ രേഖകൾ അതാതു വൗച്ചറുകളോടൊപ്പം കൃത്യമായി സൂക്ഷിച്ചിട്ടില്ല.

<u>ആസ്തികൾ</u>

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുളിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര, സാംഖ്യ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ മുകൾത്തലത്തിൽ പൂർത്തീകരിക്കാത്തതിനാലാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദീകരണം.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	16/05/2019	01.03.19-30.04.19	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	09/01/18-20/01/2018	2012-13-2016-17	26/03/2018

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.
3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB, KWA എന്നിവർക്ക് നൽകിയ തുകയുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

4. സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ജോയിന്റ് വെഞ്ച്വർ TSB അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5.സാനിറ്റേഷൻ ഹെഡിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് SBI സാനിറ്റേഷൻ അക്കൗണ്ടിലെ B17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-13 ഓഡിറ്റ് ഇംപാക്ട്

2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സമയത്ത്, രമണി, രാജേഷ് വില്ല, കടുങ്ങല്ലൂർ. ജൂഡ്സൻ, പാപ്പാളിപ്പറമ്പിൽ, തായിക്കാട്ടുകര എന്നീ രണ്ട് വ്യക്തികളിൽ നിന്നും വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നതായി ഓഡിറ്റ് ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ 11409/- രൂപ ഈ വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

രസീത് നം.	തീയതി	തുക
119030101765	25.06.2019	2481.00
119030101766	25.06.2019	1923.00
119030101767	25.06.2019	1873.00
119030101768	25.06.2019	650.00
119030101751	25.06.2019	490.00
119030101752	25.06.2019	1029.00
[illegible]	[illegible]	[illegible]

119030101753	25.06.2019	1029.00
119030101754	25.06.2019	967.00
119030101755	25.06.2019	967.00
ആകെ		11409.00

ഭാഗം -2
വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

സാംഖ്യ, മാനവൽ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമ പ്രകാരം എഴുതി സൂക്ഷിക്കുകയോ, ഡെ ബുക്ക്, ക്യാഷ് ബുക്ക് സമ്മറി എന്നിവയുടെ പ്രതിദിനപരിശോധന, മാനവൽ രസീതുകളുടെ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പരിശോധന എന്നിവ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ നടത്തിയതായി കാണുന്നില്ല. മാനവൽ രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ അത് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക പദവിയും പൂർണ്ണമായ ഒപ്പും തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. സാംഖ്യ രസീതുകൾ നമ്പറും തീയതിയും വ്യക്തമാകാത്തക്ക വിധത്തിൽ പ്രിന്റ് ചെയ്യേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് രൂ. 1500/-

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിരിക്കുന്നു.

പേര്	2018-19 (ഒന്നാം അർദ്ധവർഷം) ശമ്പളം(രൂ.)/രസീത് നം. /തീയതി	തൊഴിൽ നികുതി		
		ഈടാക്കേണ്ടത് (രൂ.)	ഈടാക്കിയത് (രൂ.)	കുറവ് ഈടാക്കിയത് (രൂ.)
1.ശ്രീ. എമിൽ ഡൊമിനിക്ക്, ക്യാപ്റ്റൻ, ഈറ്റ് ട്രീറ്റ് റെസ്റ്റോറന്റ്, NH 47, Near SCMS, കളമശ്ശേരി.	45160/- രസീത് നം. 118030500122/16.11.2018	450	300	150
2. Perfect Honda , Pothen Vehicles and Services pvt. Ltd. Muttam.				
എ) സിന്ദു കുമാരി,	48000/- രസീത് നം. 118030107480/ 19.03.19	450	300	150

ബി) വിഷ്ണു ഉണ്ണിക്കൃഷ്ണൻ,	60000/- ”	600	450	150
സി) റെസ്മിത്ത് രവീന്ദ്രൻ, Insurace Renewal Executive.	76200/-	750	600	150
ഡി) അർച്ചന ദേവി എസ്., അക്കൌണ്ടന്റ് ട്രയിനി.	89746/-	750	600	150
ഇ) ഐശ്വര്യ മുകുന്ദൻ, എച്ച്. ആർ.	106136/-	1000	750	250
എഫ്) ശബരീഷ് ശ്രീനിവാസൻ നായർ, സീനിയർ സെയിൽസ് കൺസൽട്ടന്റ്	104800/-	1000	750	250
ജി) റമീസ് കെ.ജെ. ടീം ലീഡർ.	132331/-	1250	1000	250
ആകെ				1500

2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 1500/-രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി പുതിയതായി വരുന്നവയെ ആ ലിസ്റ്റിൽ കൂട്ടിച്ചേർത്ത് അതിലെ ക്രമമനുസരിച്ച് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2-3 റോഡ് റസ്റ്റോറേഷൻ ചാർജ്ജ്- ഫീസിനത്തിൽ 5,26,583/- രൂപയുടെ വരുമാന നഷ്ടം

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനത്തിന് റോഡിന് ഓരത്തായി ജി.ഐ.പോൾ (400 എണ്ണം) സ്ഥാപിച്ച് ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് (ഫയൽ നം എ2/2822/18). ഇതുമായി ബന്ധപ്പെട്ട് ഫീസ് നിർണ്ണയിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്തു നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് 26/07/2018 ലെ എ2/2822/18 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം 14,64,297/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിരുന്നു.

1. ടാർ റോഡിൽ സ്ഥാപിക്കേണ്ട തൂണുകളുടെ എണ്ണം-340

ട്രഞ്ചിന്റെ വിസ്തീർണ്ണം-340 X 1.0 X1.0 = 340.00 m2

ടാർ റോഡിൽ വേണ്ടി വരുന്ന റസ്റ്റോറേഷൻ ചാർജ്ജ്-3495.76/m2

റസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വരുന്ന തുക-340 X 3495.76 = 11,88,558/-

2. കോൺക്രീറ്റ് റോഡിൽ സ്ഥാപിക്കേണ്ട ത്തുണകളുടെ എണ്ണം-60

ട്രഞ്ചിന്റെ വിസ്തീർണ്ണം-60 X 1.0 X1.0 = 60.00 m2

കോൺക്രീറ്റ് റോഡിൽ വേണ്ടി വരുന്ന റസ്റ്റോറേഷൻ ചാർജ്ജ്-4606.15 m2

റസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വരുന്ന തുക-60 X 4606.15 = 2,76,369/-

ആകെ 400 തൂണുകൾക്കായി ഈടാക്കേണ്ട തുക -11,88,558 + 2,76,369 = 14,64,297/-

പഞ്ചായത്തുകമ്മറ്റിയുടെ 29.09.2018 ലെ 9ാം നമ്പർ തീരുമാനപ്രകാരം ഈ നിരക്ക് അംഗീകരിക്കുകയും, തുക അടവാക്കി കരാറിലേർപ്പെടാൻ റിലയൻസ് ജിയോ ഇൻഫോകോമിനോട് ആവശ്യപ്പെട്ടതനുസരിച്ച് 10/10/2018 ൽ സ്ഥാപനം തുക അടവാക്കുകയും കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്(രസീത് നം 11830400013/.08.10.2018).

എന്നാൽ പൊതു മരാമത്തു വകുപ്പിന്റെ 22/05/2018 ലെ CE/R&B/GL-RC/1/2018 നമ്പർ സർക്കുലർ പ്രകാരം താഴെ പറയുന്ന നിരക്കിലായിരുന്നു തുക ഈടാക്കേണ്ടിയിരുന്നത്.

1. ടാർ റോഡിൽ വേണ്ടി വരുന്ന റസ്റ്റോറേഷൻ ചാർജ്ജ്-4752.20/m^2

റസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വരുന്ന തുക-340 X 4752.20 = 16,15,748/-

2. കോൺക്രീറ്റ് റോഡിൽ വേണ്ടി വരുന്ന റസ്റ്റോറേഷൻ ചാർജ്ജ്- 6252.2 m^2

റസ്റ്റോറേഷൻ ചാർജ്ജ് ഇനത്തിൽ വരുന്ന തുക-60 X 6252.2= 375132/-

ആകെ 400 തൂണുകൾക്കായി ഈടാക്കേണ്ട തുക -16,15,748 +375132 = 19,90,880/-

ഇതിനു പകരം 14,64,297/- രൂപ മാത്രം ഫീസ് ഈടാക്കിയതിനാൽ 5,26,583/- രൂപയുടെ വരുമാന നഷ്ടം (1990880-1464297) പഞ്ചായത്തിനുണ്ടായിട്ടുണ്ട്. പരിശോധിച്ച് ബാലൻസ് തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/24.06.2019) പുതുക്കിയ നിരക്കനുസരിച്ച് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള ബാലൻസ് തുകയായ 5,26,583/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓവർ ഹെഡ് കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് കരാറിലേർപ്പെട്ടപ്പോൾ റോഡ് റസ്റ്റോറേഷൻ ഇനത്തിലുള്ള ഫീസല്ലാതെ കേബിൾ വലിക്കുന്ന സ്ഥലത്തിൻമേൽ നിശ്ചിത നിരക്കിൽ വാടക നിശ്ചയിച്ച് തുക ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല. വാടക സംബന്ധിച്ച വ്യവസ്ഥ കൂടി കരാറിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു.

2. ഭാരതി എയർടെൽ ലി. കമ്പനിക്കും മേൽ പ്രകാരം 56 തൂണുകൾ സ്ഥാപിച്ച് ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് ഒരു ഫയൽ നിലവിലുണ്ട്. (ഫയൽ നം എ2/1473/18). കോൺക്രീറ്റ് റോഡിൽ വേണ്ടി വരുന്ന റസ്റ്റോറേഷൻ ചാർജ്ജിനത്തിനുള്ള പഴയ നിരക്കായ 4606.15 m2 രൂപ പ്രകാരം തന്നെയാണ് എസ്റ്റിമേറ്റെടുത്തിരിക്കുന്നത്. ഇതു പ്രകാരം 2,57,945/-രൂപ അടവാക്കുവാനാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക അടവാക്കിയിട്ടില്ല. പ്രവൃത്തി നടത്തുന്നുണ്ടെങ്കിൽ പുതുക്കിയ നിരക്കിൽ തുക ഈടാക്കി മാത്രം അനുമതി നൽകേണ്ടതാണ്.

2-4 ഡി & ഒ ലൈസൻസ് രജിസ്റ്റർ അപാകതകൾ

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും എല്ലാ വർഷവും പുതുതായി

പ്രവർത്തനം ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് പുതുക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കാത്തതിനാലും, ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്നും അതുമൂലം ലൈസൻസിനത്തിലുള്ള വരുമാനത്തിൽ എത്ര കുറവ് വന്നുവെന്നും ഓഡിറ്റിൽ നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്തിട്ടില്ലാത്ത ഡി & ഒ ലൈസൻസ് അപേക്ഷകളും ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ അപാകതകളെല്ലാം പരിഹരിക്കേണ്ടതാണ്.

2-5 ദുരിതാശ്വാസ നിധി- കാര്യക്ഷമമാക്കണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തിനും ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ധനശേഖരണാർത്ഥമുള്ള കലാ കായിക വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി തായികാട്ടുകര സർവ്വീസ് സഹകരണ ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ അക്കൗണ്ട് ഉണ്ടെങ്കിലും പ്രസ്തുത അകൌണ്ടിലേയ്ക്കായി ധനശേഖരണമൊന്നും പഞ്ചായത്ത് നടത്തുന്നതായി കാണുന്നില്ല. 14,408/-മാത്രമാണ് തൻവർഷത്തെ നീക്കിയിരിപ്പ്. 2018-19 ൽ പലിശ ഇനത്തിൽ ലഭിച്ച 382/-രൂപയുടെ വരവ് മാത്രമാണുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് തുക സ്വരൂപിക്കുവാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 പഞ്ചായത്തിന് വാഹനം സെക്രട്ടറിയുടെ സ്വന്തം പേരിൽ വാങ്ങി.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റ് നം. 174/19 പ്രകാരം പഞ്ചായത്ത് ആഫീസിലേക്ക് വാഹനം വാങ്ങൽ എന്ന പദ്ധതിക്കായി വൌച്ചർ നം 21800837 തീ 6-10-18പ്രകാരം 998000/- ചെലവായിട്ടുള്ളതാണ്(SBI ചെക്ക് നം 695501 തീ 6-10-18). പഞ്ചായത്ത് കമ്മിറ്റിയുടെ 29-9-2018-ലെ 1/6 നമ്പർ തീരുമാന പ്രകാരം മഹീന്ദ്ര ടിയുവി 300 പ്ളസ് എന്ന 9 സീറ്റർ വാഹനം വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. അന്നേ ദിവത്തെ തന്നെ 1/7നമ്പർ തീരുമാന പ്രകാരം 9 സീറ്റർ വാഹനം മേട്ടോർ വാഹന നിയമപ്രകാരം ടാക്സിയായോ പ്രൈവറ്റ് വാഹനമായോ മാത്രമേ രജിസ്ററർ ചെയ്യാൻ കഴിയു എന്നതിനാൽ വാഹനം പഞ്ചായത്ത് സെക്രട്ടറിയായ എം വി ഷാജിയുടെ സ്വന്തം പേരിൽ രജിസ്ററർ ചെയ്യുന്നതിനും ശേഷം ഏറ്റവും സാധ്യമായ തീയതിയിൽ ചൂർണ്ണിക്കര പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് രജിസ്ട്രേഷൻ മാറ്റുന്നതിനും തിരുമാനിച്ചു.

പോത്തൻ ഓട്ടോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് രജിസ്'ട്രേഷൻ ഫീ, ഇൻഷുറൻസ് അടക്കം മൊത്തം 1286480/-രൂപയുടെ 24-9-18-ലെ പ്രഫോർമ ഇൻവോയ്സ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാഹനം വാങ്ങുന്നതിനുള്ള മറ്റു ടെണ്ടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 5-11-18ലെ ഇൻവോയ്സ് നം18000325 പ്രകാരം 989999/- രൂപയ്ക്ക് പോത്തൻ ഓട്ടോ പ്രൈവറ്റ് ലിമിറ്റഡ്

എന്ന സ്ഥാപനത്തിൽ നിന്ന് വാഹനം വാങ്ങിയതായും കാണുന്നു. മോട്ടോർ വാഹന വകുപ്പിന്റെ ആർ സി ബുക്ക് പ്രകാരം സെക്രട്ടറി എം വി ഷാജിയുടെ സ്വന്തം പേരിലും വീട്ടഡ്രസ്സിലും KL-07-CQ-298 എന്ന നമ്പറിൽ വാഹനം രജിസ്റ്റർ ചെയ്തു.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(6) നുള്ള മറുപടിയിൽ രജിസ്ട്രേഷൻ, ഇൻഷ്വറൻസ് ചെലവുകൾ അടക്കം പൂർണ്ണ മായ വാഹന വില 1148214/ രൂപയാണെന്നും പഞ്ചായത്ത് 998000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളൂ എന്നും രജിസ്ട്രേഷൻ, ഇൻഷ്വറൻസ് ചെലവുകൾ സ്ഥാപനം നേരിട്ട് ചെലവഴിച്ചതാണ് എന്നു അറിയിച്ചു.കൂടാതെ വാഹനം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് മോട്ടോർ വാഹനവകുപ്പിനെ സമീപിച്ചെങ്കിലും നിയമപരമായി സാധ്യമല്ല എന്നറിയിച്ചതിനാൽ സർക്കാരിൽ നിന്ന് അനുവാദം വാങ്ങുന്നതിന് അപേക്ഷിയ്ക്കുന്നതാണ് എന്നും അറിയിച്ചു.

1.ഫയൽ പരിശോധിച്ചതിൽ പോത്തൻ ഓട്ടോ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 989999/- രൂപയുടെ ബിൽ ആണ് ലഭ്യമായിട്ടുള്ളത്. സ.ഉ (സാധാ) 67/2017/എസ്.പി.ഡി/25.11.2017 പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾ വാഹനങ്ങൾ വാങ്ങേണ്ടത് GEM (Government Electronic Market place) മുഖേനയാണെന്നത് നിർഷ്കർഷിച്ചിട്ടുണ്ട്. GEM ലെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താതെ വാഹനം നേരിട്ട് വാങ്ങിയ നടപടി ക്രമവിരുദ്ധമാണ്.

2. ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ വാഹനം സെക്രട്ടറിയുടെ സ്വന്തം പേരിലും അഡ്രസ്സിലും രജിസ്റ്റർ ചെയ്തതായി കാണുന്നു. പഞ്ചായത്തിന്റെ വാഹനം പഞ്ചായത്ത് സെക്രട്ടറിയുടെ പദവിയിലും പഞ്ചായത്തിന്റെ അഡ്രസ്സിലും രജിസ്റ്റർ ചെയ്യാൻ നിയമപരമായി സാധിക്കാതിരുന്നത് ഉപയോഗത്തിന് ആവശ്യമായതിൽ കൂടുതൽ കപ്പാസിറ്റിയുള്ള (9 സീറ്റിങ്ങ്) വാഹനം വാങ്ങുന്നതിനുള്ള കമ്മിറ്റി തീരുമാനമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാഹനം വാങ്ങുന്നതിന് തീരുമാനിച്ചപ്പോൾ തന്നെ മേൽ വാഹനം വാങ്ങിയാൽ നിയമപ്രകാരം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കില്ല എന്നറിഞ്ഞുകൊണ്ടു തന്നെ ഇത്തരത്തിലുള്ള വാഹനം വാങ്ങാൻ തിരുമാനിച്ചത് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. (വാഹനം വാങ്ങുന്നതിനും സെക്രട്ടറിയുടെ സ്വന്തം പേരിലും അഡ്രസ്സിലും വാഹനം രജിസ്റ്റർ ചെയ്യുന്നതിനും 29-9-2018-ലെ കമ്മിറ്റിയിലാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്. പൊതുപണം ഉപയോഗിച്ച് വാങ്ങുന്ന ആസ്തി പൊതു അധികാരിയുടെ പേരിലാവണം രജിസ്റ്റർ ചെയ്യേണ്ടതെന്ന് പ്രസ്തുത യോഗത്തിൽ സെക്രട്ടറി അറിയിച്ചതായി മിനിട്സിൽ രേഖപ്പെടുത്തലുകളുണ്ട്). പഞ്ചായത്ത് ആസ്തിയായ വാഹനം സെക്രട്ടറിയുടെ സ്വന്തം പേരിലും അഡ്രസ്സിലും രജിസ്റ്റർ ചെയ്തത് നിയമപരമായി അംഗീകരിക്കാനാവില്ല.

ആയതിനാൽ ഈ വിഷയത്തിൽ എത്രയും വേഗം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വാഹനം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുക്കേണ്ടതുമാണ്.

3-2 മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിൽ 18 വാർഡുകളിലേക്കായി, മഴക്കാല പൂർവ്വ ശുചീകരണത്തിനായി വൗച്ചർ നമ്പർ 21800246 തീ 28-5-18 പ്രകാരം 270000/- രൂപയും വൗച്ചർ നം 21800669 തീ 29-8-18 പ്രകാരം 270000/- രൂപയും കൂടി ആകെ 540000/-രൂപ തനത് ഫണ്ടിൽ നിന്നുംചെലവഴിച്ചതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ശുചിത്വ മിഷനിൽ നിന്ന് ഇതിനായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ അടക്കം തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (8) നൽകിയെങ്കിലും തുക

ചെലവഴിച്ചതായുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാൽ ഈയിനത്തിലെ ചെലവ് 540000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-3 പത്രപരസ്യത്തിനുള്ള ബില്ലിൽ 15% ഡിസ്ക്കൗണ്ട് ലഭ്യമായില്ല

. സർക്കാർ ഉത്തരവ് ജി ഒ(ആർ ടി)1/2011/പി& എ ആർ ഡി തീ 4-1-2011 പ്രകാരം സർക്കാർ/ സ്വയം ഭരണ സ്ഥാപനങ്ങളുടെ പത്രപരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദനീയമാണ്. തനതു ഫണ്ട് വൌച്ചർ 21800021 തീ 3-4-18 പ്രകാരം ടെണ്ടർ നോട്ടീസുകളുടെ പത്ര പരസ്യത്തിന് 15% ഡിസ്കൗണ്ട് കുറവ് ചെയ്യാതെയുള്ള ബില്ലിന് 12197/രൂപ ചെലവാക്കിയിട്ടുള്ളതായി കാണുന്നു.(ചെക്ക് നം 785638തീ 6-4-18). ജി എസ് ടി കുറവു ചെയ്ത തുകയായ11616/- രൂപ യുടെ 15% ആയ 1742/- രൂപ ഡിസ്കൗണ്ട് അനുവദനീയമാണ്. പഞ്ചായത്ത് പത്രപ്പരസ്യങ്ങൾക്ക് അർഹമായ ഡിസ്കൗണ്ട് നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 ടി. എച്ച്. ആർ.എസ്. ഭക്ഷ്യമിശ്രിതം - ഫുഡ് ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ അങ്കണവാടി ഫീഡിംഗ് പ്രോജക്ടുകൾക്ക് ആവശ്യമായ ഫുഡ് ക്വാളിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സാമൂഹ്യ ക്ഷേമവകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ്. ബി3-312/2010, 05.06.2010, 01.02.2010, 18.12.2010 (ശിശു വികസന ഓഫീസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും) എന്നീ തീയതികളിലെ കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കേണ്ടതാണ്.

3-5 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ പറയുന്ന മെഡിക്കൽ ഓഫീസർമാർ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളുടെ വില വിവിധ ഏജൻസികൾക്ക് നല്കിയെങ്കിലും നാളിതുവരെ ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിക്കൽ ഓഫീസർ P H C.

പ്രോജക്ട് നമ്പർ	29/2019
പ്രോജക്ടിന്റെ പേര്	PHC യിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	200000/-രൂപ
ചെലവ്- ബിൽ നം.08, തീയതി. 16/11/2018.	200000/-രൂപ, (കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ)
ലഭിച്ച മരുന്നിന്റെ വില	122263/-രൂപ.
ലഭിക്കുവാൻ ബാക്കിയുള്ള	77737/-

മരുന്നിന്റെ വില	

പ്രോജക്ട് നമ്പർ	28/2018
പ്രോജക്ടിന്റെ പേര്	പാലിയേറ്റീവ് കെയർ- മരുന്നുകൾ വാങ്ങൽ.
അടങ്കൽ	100000/-രൂപ
ചെലവ്- ബിൽ നം.08, തീയതി. 16/11/2018.	100000/-രൂപ KMSCL)
ലഭിച്ചത്.	3267/-രൂപയ്ക്കുള്ള urine bags.
ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ	96733/-

2 മെഡിക്കൽ ഓഫീസർ ഹോമിയോ.

പ്രോജക്ട് നമ്പർ	30/2019
പ്രോജക്ടിന്റെ പേര്	ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	350000/-രൂപ
ചെലവ്- ബിൽ നം.06 തീയതി. 04/10/2018. ചെക്ക് നം.711041400 തീ.07/11/2018.	37094/-രൂപ 312906/-രൂപ
ലഭിച്ച മരുന്നുകൾ	199065/-രൂപ
ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ	150935/-രൂപ

ബാക്കി ലഭിക്കുവാനുള്ള മരുന്നുകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

3-6 സംയുക്ത പ്രോജക്റ്റുകളുടെ ഫണ്ട് വിനിയോഗം- കൃത്യമായ കണക്കില്ല.

ഓഡിറ്റ് വർഷത്തിലെ സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വഴി ആകെ ലഭിച്ച 28,65,300/- രൂപയിൽ 23,05,300/- രൂപ വിനിയോഗിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 5,60,000/-രൂപയാണ്. ജില്ലാ പഞ്ചായത്ത് വഴി ആകെ ലഭിച്ച 27,30,870/- രൂപയിൽ 13,90,870/- രൂപ വിനിയോഗിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 13,40,000/- രൂപയാണ്. എന്നാൽ വാർഷിക കണക്കിലെ ബി.4 ഷെഡ്യൂൾപ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ നീക്കിയിരുപ്പ് തുക 15,27,277/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതത്തിലെ നീക്കിയിരുപ്പ് തുക 22,00,000/- രൂപയുമാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിലെ നീക്കിയിരുപ്പ് മുൻബാക്കിയായ 7,17,277/-രൂപ ഉൾപ്പെടെയാണ് .ആകെ നീക്കിയിരിപ്പ് തുക ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുമായും പൊരുത്തപ്പെടുന്നില്ല.

കോഡ് നം	വിശദവിവരം	തുക
320700204	Contribution for joint venture projects (for Revenue expenditure) from Block Panchayat.	15,27,277
320700205	Contribution for other specific purpose (for Revenue expenditure) from District Panchayat	22,00,000

	Panchayats.	

ചെലവു തുക കൃത്യമായി അക്കൗണ്ട് ചെയ്യാത്തതിനാലാണ് ഇപ്രകാരം വ്യത്യാസം സംഭവിച്ചിരിക്കുന്നത്. എ.സി.ആർ. കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ പദ്ധതികൾക്ക് ലഭിച്ച തുകയാണ് വിനിയോഗിക്കാൻ ബാക്കിയുള്ളതെന്ന് പരിശോധിക്കാനായില്ല. വാർഷിക കണക്കിലെ ബി.4 ഷെഡ്യൂളിലെ ഈയിനത്തിലെ തുകയും ബി 17 ലെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ തുകയും പൊരുത്തപ്പെടുത്തേണ്ടതാണ്.

3-7 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്ത പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ക്രമ നം	പദ്ധതി നം	പേര്	ചെലവഴിച്ച തുക	ട്രഷറിബിൽ നം/ചെക്ക് നം
1	14/18-19	സാമൂഹ്യ സുരക്ഷാമിഷന് വിഹിതം	300000	7/18-19തീ 24-7-18
2	12/18-19	ഐ കെ എം വിഹിതം	69265	4/18-19 തീ 7-7-18
3	89/18-19	സ്ട്രീറ്റ് ലൈൻ വലിക്കൽ	603430	13/18-19 തീ 7-12-18 500000, ചെക്ക് നം 976039 തീ 7-2-19,തുക -103430
4	92/18-19	കുടിവെള്ള ലൈൻ വിപുലീകരണം	9600	ചെക്ക് നം 110436 തീ 29-3-19

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

3-8 മോണിട്ടറിങ്ങ് സമിതികൾ കൂടുതൽ കാര്യക്ഷമമാക്കണം

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മോണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല.

3-9 മരാമത്ത് പ്രോജക്റ്റുകൾ- അപാകതകൾ

പഞ്ചായത്ത് തൻവർഷം ആകെ 165 പ്രോജക്റ്റുകളിലായി 2.94 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് മെയിന്റനൻസ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും റോഡ് ടാറിംഗ്, റോഡിൽ കട്ട വിരിക്കൽ, കാന പണിയൽ

എന്നിവയാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി ചെയ്ത ഭാഗം നേരിൽ കണ്ട് പരിശോധിക്കാൻ സാധിക്കുന്നില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നതിന് പുതിയ പ്രൊജക്റ്റായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

എല്ലാ പ്രവൃത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ലഭിച്ച ഏക ടെണ്ടർ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. റീ-ടെണ്ടറിൽ ഒറ്റ ടെണ്ടർ ലഭിച്ചാലും സ്വീകരിക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ, ആദ്യടെണ്ടറിൽ കരാറുകാർ ബോധപൂർവ്വം പങ്കെടുക്കാതെ, റീ-ടെണ്ടർ ചെയ്യേണ്ട സാഹചര്യം സൃഷ്ടിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ നം.	വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ വിവരം	ചെലവ്	നീക്കിയിരിപ്പ്
1	ജില്ലാ പഞ്ചായത്ത്	2018-19	2,30,870	ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്	2,30,870	0
2	ജില്ലാ പഞ്ചായത്ത്	2018-19	25,00,000	ലൈഫ് മിഷൻ ഭവന പദ്ധതി	11,60,000	13,40,000
3	ബ്ലോക്ക് പഞ്ചായത്ത്	2018-19	24,80,000	ലൈഫ് മിഷൻ ഭവന പദ്ധതി	19,20,000	5,60,000
4	ബ്ലോക്ക് പഞ്ചായത്ത്	2018-19	2,83,300	അങ്കണവാടിക്ക് സ്ഥലം വാങ്ങൽ	2,83,300	0
5	ബ്ലോക്ക് പഞ്ചായത്ത്	2018-19	1,02,000	നെൽക്കൃഷിക്ക് കൂലിച്ചെലവ്	1,02,000	0

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ	390/26.03.19	9600	0	9600
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	127/05.12.2018	5,00,000	0	5,00,000
,,	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	231/05.02.19	1,03,430	0	1,03,430

ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരവും നീക്കിയിരിപ്പും വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം 460500201 -KWA Deposit എന്ന ഹെഡിൽ 442754/- രൂപയും 460500202 – KSEB Deposit എന്ന ഹെഡിൽ 905226/- രൂപയുമാണ് നീക്കിയിരിപ്പ് തുക നൽകുമ്പോൾ ഈ ഹെഡുകളിലും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറക്ക് ആസ്തി ഹെഡിലേക്കും തുക മാറ്റി അക്കൗണ്ട് ക്രമീകരിക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ക്രമ നം.	വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
1	പഞ്ചായത്ത് അനക്സ് കെട്ടിട നിർമ്മാണം	10.10.2018	25,07,271	0	25,00,000	-	7271
2	കെ.യു.ആർ.ഡി.എഫ്- ലൈഫ് മിഷൻ ഭവനനിർമ്മാണം	-	94,29,692	0	0	0	94,29,692

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	2,00,00,000
തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്)	3,14,890
ആകെ	2,03,14,890
തന്നാണ്ടിൽ പിൻവലിച്ച തുക	3,14,890
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	2,00,00,000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ബാങ്ക്	നിക്ഷേപിച്ച തീയതി	കാലയളവ്	തുക	റിമാർക്സ്
1	SBI തായിക്കാട്ടുകര	10/10/2018	181 days	1,00,00,000	
2	SBI തായിക്കാട്ടുകര	29.12.2018	1 year	1,00,00,000	

4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 5750/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേര്	രശീത് നമ്പർ തീയതി
2017-18	3-2	5750	സെക്രട്ടറി, ചൂർണ്ണിക്കര പഞ്ചായത്ത്	11803010444327/27.11.2018

വാർഷിക കണക്ക പ്രകാരം ഈയിനത്തിൽ 4,71,280/- രൂപയുടെ വരവുണ്ട്. 5750/-രൂപ ഒഴികെയുള്ള തുക എ.ജി യുടെ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ടതാണ്.

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2001-2002	2 (12)	2006-07	3.39.1.2	മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല	
				പഞ്ചായത്ത് ലൈബ്രറി ഹാൾ വികസനം	നടപടി വിവരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

					പരാമർശം നിലനിൽക്കുന്നു
				ഇടവനപ്പാടം സാംസ്കാരിക നിലയം	റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്
				തണ്ടിരിക്കൽ കാന പണി	മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു
				വേവ്കാട്ടിൽ ലൈൻ റോഡ്	മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു
				മുണ്ടയത്ത് പറമ്പ് റോഡ്	റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്

4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	9,48,82,588
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	11,54,26,351
വരവിനങ്ങളിലുള്ള നഷ്ടം	:	5,26,583
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	5,40,000

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നം	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-3	5,26,583	സിജി മത്തായി, അസിസ്റ്റന്റ് എഞ്ചിനീയർ

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3	5,40,000	എ.വി.ഷാജി, സെക്രട്ടറി

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരും, മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഒദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
എ.വി.ഷാജി, സെക്രട്ടറി	സെക്രട്ടറി , ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്	അറേശ്ശേരിൽ വീട്,കട്ടേപ്പറമ്പ്, വട്ടേക്കുന്നം, ഇടപ്പള്ളി നോർത്ത് പി.ഒ
സിജി മത്തായി അസിസ്റ്റന്റ് എഞ്ചിനീയർ	അസി.എഞ്ചിനീയർ, ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത്	കുറ്റല ഹൗസ്, ആലങ്ങാട്, നീരിക്കോട് – 683511

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

1996-97	കെ.എസ്.എ-ഇ.കെ.എം (പി5) 947 (2)/19, 8.7.2019
1997-98	കെ.എസ്.എ-ഇ.കെ.എം (പി5) 947 (3)/19, 8.7.2019
1998-99	കെ.എസ്.എ-ഇ.കെ.എം (പി5) 947 (4)/19, 8.7.2019
1999-2000	കെ.എസ്.എ-ഇ.കെ.എം (പി5) 947 (5)/19, 8.7.2019
2001-02 വരവ്	എൽ.എഫ്.ഇ (പി5) 890/06, 19.01.2007
2001-02 ചെലവ്	എൽ.എഫ്.ഇ (പി5) 752/05, 22.02.2006
2006-07	എൽ.എഫ്.ഇ.(പി5) 471/09, 08.03.2010
2007-08	എൽ.എഫ്.ഇ.(പി5) 1544/08,05.01.2009
2008-09	എൽ.എഫ്.ഇ.(പി5) 112/11, 13.02.2012
2009-10	എൽ.എഫ്.ഇ.(പി5) 114/11, 13.02.2012
2010-11	എൽ.എഫ്.ഇ.(പി5) 2117/11, 13.02.2012
2011-12	കെ.എസ്.എ-ഇ.കെ.എം (പി5) 686 (1)/18, 08.08.2018
2012-13	കെ.എസ്.എ-ഇ.കെ.എം (പി5) 686 (2)/18, 08.08.2018
[illegible]	

2013-14, 2014-15	കെ.എസ്.എ-ഇ.കെ.എം (പി5) 686 (3)/18, 08.08.2018
2015-16	കെ.എസ്.എ-ഇ.കെ.എം (പി5)1848/16, 07.07.2018
2016-17	കെ.എസ്.എ-ഇ.കെ.എം (പി5)1515/17, 25.07.2018
2017-18	കെ.എസ്.എ-ഇ.കെ.എം (പി5) 1955/18, 06.07.2019

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB, KWA എന്നിവർക്ക് നൽകിയ തുകയുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

4. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ജോയിന്റ് വെഞ്ച്വർ TSB അക്കൗണ്ടിലെ നീക്കിയിരിപ്പു തുകയുമായി പൊരുത്തപ്പെടുന്നില്ല.

5.സാനിറ്റേഷൻ ഹെഡിലെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് SBI സാനിറ്റേഷൻ അക്കൗണ്ടിലെ B17 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **CHOORNIKKARA GRAMA PANCHAYAT** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the instructions vide GO(Rt.) 1413/2018/LSGD, Dated.22.5.18.

In my opinion, the Financial Statement of **CHOORNIKKARA GRAMA PANCHAYAT** for the year 2018-19 subject to the observations in the Annexure-2 properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

Defects identified on verification of Annual Financial Statement 2018-19 of CHOORNIKKARA GRAMA PANCHAYAT

1. The DCB figures of building tax as per Sanchaya Software do not match/tally with that of AFS.

2. As per GO (ms)152/2011/LSGD dt.26/07/2011, Assets including Land should be accounted and entered in the Asset Register and it should be reconciled with AFS .But in Choornikara GP it is not reconciled with AFS. Sachitra Software, which is used to record the details of Assets is not linked with the Saankya software so far . Due to the non completion of the accounting of Assets , the correctness of the Panchayath Fund couldn't be verified.

3. The amount deposited in KSEB , KWA for the deposit works is not matching with the amount shown in the B 18 schedule of AFS.

4. The amount received from District Panchayath & Block Panchayath for Joint venture Projects, closing balance of the Joint Venture Projects ie, (B 4 schedule) is not matching with the Closing Balance of the TSB account (Joint Venture Projects).

5. Closing Balance of B-4 schedule (Sanitation Head) is not matching with the B-17 Schedule amount, ie; closing balance of sanitation account in SBI.